**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6547

**09.07.2014- ൽ മറുപടിക്ക്**

## സഹകരണ യൂണിയന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. എം.പി. വിൻസെന്റ് :<br>ശ്രീ. ലൂഡി ലൂയിസ് : | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാന സഹകരണ യൂണിയന്റെ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | (എ) 1969 ലെ സഹകരണ സംഘം നിയമം 89-ാം വകുപ്പ് പ്രകാരം രൂപീകരിച്ച സംസ്ഥാന സഹകരണ യൂണിയൻ കേരളത്തിലെ സഹകരണ വിദ്യാഭ്യാസം, പ്രചരണം, പരിശീലനം തുടങ്ങിയവയുടെ ചുമതല വഹിക്കുന്നു. സഹകരണ മേഖലയ്ക്കു വേണ്ടി യൂണിയൻ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെപ്പറയുന്നവയാണ്.<br><br>1. 12 മാസക്കാലയളവിലുള്ള ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ കോഴ്സ് 12 സഹകരണ പരിശീലന കോളേജുകൾ മുഖേന നടത്തി വരുന്നു.<br>2. ജീവനക്കാർക്കായും ജനറൽ കാറ്റഗറിയിലുള്ളവർക്കുമായി ജൂനിയർ ഡിപ്ലോമ ഇൻ കോഓപ്പറേഷൻ കോഴ്സ് നടത്തുന്നതിന് 10 സഹകരണ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.<br>3. നാല് സെമസ്റ്ററായി 2 വർഷം ദൈർഘ്യമുള്ള എം.ബി.എ. കോഴ്സിനായി യൂണിയന്റെ നിയന്ത്രണത്തിൽ കിക്മ എന്ന മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിച്ചു വരുന്നു.<br>4. സഹകരണ മേഖലയിലെ അനൗദ്യോഗിക അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനും, ദേശീയ സഹകരണ യൂണിയൻ അംഗീകരിച്ച പദ്ധതി പ്രകാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനുമായി ഓരോ ജില്ലയിലും അംഗ വിദ്യാഭ്യാസ യൂണിറ്റും ആയതിൽ ഓരോ സഹകരണ വിദ്യാഭ്യാസ ഇൻസ്ട്രക്ടറും പ്രവർത്തിക്കുന്നുണ്ട്. |

5. സഹകരണ സംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾ/പ്രസിഡന്റുമാർ എന്നിവർക്കായി നേതൃത്വ വികസന പരിപാടികളും മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പരിശീലന പരിപാടികളും നടത്തുന്നുണ്ട്.

6. സഹകരണ സംഘങ്ങളിലെ വിവിധ തസ്തികയിലെ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം, ഇൻക്രിമെന്റ് എന്നിവ കിട്ടുന്നതിനായുള്ള തുടർ വിദ്യാഭ്യാസ പരിപാടികളും യൂണിയൻ നടത്തുന്നുണ്ട്.

| | |
|---|---|
| ബി) സംസ്ഥാന സഹകരണ യൂണിയന്റെ സാമ്പത്തികസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | (ബി) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാന സഹകരണ യൂണിയന്റെ പ്രധാന വരുമാന മാർഗ്ഗം സഹകരണ സംഘം നിയമ പ്രകാരം സഹകരണ സംഘങ്ങളിൽ നിന്നും ലഭിക്കുന്ന അഫിലിയേഷൻ/റിന്യൂവെൽ ഫീസും, വിദ്യാഭ്യാസ ഫണ്ടുമാണ്. ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ എണ്ണം പ്രതിവർഷം കുറഞ്ഞു വരുന്നതു കൊണ്ട് ആയത് യൂണിയന്റെ വരുമാനത്തെയും, സാമ്പത്തിക സ്ഥിതിയേയും സാരമായി ബാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഫണ്ട് വിഹിതം സംബന്ധിച്ച് സർക്കാർ സഹകരണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളും വിദ്യാഭ്യാസ ഫണ്ട് അടയ്ക്കേണ്ടതുണ്ട്. പ്രസ്തുത ഭേദഗതി അനുസരിച്ചുള്ള വിദ്യാഭ്യാസ ഫണ്ട് വിഹിതം കിട്ടി തുടങ്ങുമ്പോൾ യൂണിയന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നതിലൂടെ സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുന്നതാണ്. |
| സി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെയും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെയും ഭാഗമായി ചെലവ് ചുരുക്കൽ നടപടി യൂണിയൻ നടപ്പിലാക്കി വരുന്നു. മാത്രമല്ല സഹകരണ ചട്ട ഭേദഗതി മുഖാന്തിരം വിദ്യാഭ്യാസ ഫണ്ട് ഇനത്തിൽ കൂടുതൽ തുക ലഭ്യമാകുന്നതാണ്. അതോടൊപ്പം തന്നെ പരിശീലനപരിപാടികൾ സർക്കാരിന്റെയും സഹകരണ സ്ഥാപനങ്ങളുടെയും സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്നതു മൂലം പരിശീലനത്തിനു ചെലവാകുന്ന തുകയിൽ ഗണ്യമായ കുറവു വരുത്തുന്നതിനും കഴിയുമെന്ന് വിലിയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ